**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5690** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടലിൽ നിന്നും പിടിക്കുന്ന മത്സ്യത്തിന്റെ ന്യായവില ഉറപ്പാക്കാൻ ആദ്യ വില്പനാവകാശം തങ്ങൾക്ക് നൽകണം എന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിക്കുമോ; | (എ) | പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത അവകാശം നിലവിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് ആണോയെന്ന് വ്യക്തമാക്കാമോ; | (ബി) | അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും മെച്ചപ്പെട്ട പരിപാലനം ഉറപ്പുവരുത്തുന്നതിനുമായി 19 മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുക, ഹാർബറിനുള്ളിലെ മത്സ്യലേലത്തിലും, വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടു വരുന്ന മത്സ്യത്തിന് അർഹമായ വില ഉറപ്പാക്കുക, ഹാർബറിലെ ലേലം, മത്സ്യവില്പന, ഗുണനിലവാര പരിപാലനം എന്നിവ നിയന്ത്രിക്കുക തുടങ്ങിയ ചുമതലകളും കർത്തവ്യങ്ങളുമാണ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ നിക്ഷിപ്തമായിട്ടുള്ളത്. |
| (സി) | പ്രസ്തുത അധികാരം ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് നൽകാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനം വിശദമാക്കാമോ? | (സി) | അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും മെച്ചപ്പെട്ട പരിപാലനം ഉറപ്പുവരുത്തുന്നതിനുമായി 19 മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുക, ഹാർബറിനുള്ളിലെ മത്സ്യലേലത്തിലും, വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടു |

| | | | |
|---|---|---|---|
| | | | വരുന്ന മത്സ്യത്തിന് അർഹമായ വില ഉറപ്പാക്കുക, ഹാർബറിലെ ലേലം, മത്സ്യവില്പന, ഗുണനിലവാര പരിപാലനം എന്നിവ നിയന്ത്രിക്കുക തുടങ്ങിയ ചുമതലകളും കർത്തവ്യങ്ങളുമാണ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ നിക്ഷിപ്തമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ